"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ത.സ്വ.ഭ.വ- കൂത്തുപറമ്പ് മുനിസിപ്പാലിററി ബസ് സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് സ്ഥലമേറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂവുടമകൾക്ക് തുക നൽകുന്നതിനായി കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(കൈ) നം.132/2024/LSGD തീയതി,തിരുവനന്തപുരം, 10-10-2024

---

പരാമർശം:-

1. സ.ഉ(എം.എസ്) നം.147/2009/ത.സ്വ.ഭ.വ തീയതി 29/07/2009
2. LA. App. No. 138/2020 & connected case കളിൻമേ ലുള്ള ബഹു. ഹൈക്കോടതിയുടെ 22/11/2022 - ലെ വിധിന്യായം
3. കൂത്തുപറമ്പ് നഗരസഭാ കൗൺസിലിന്റെ 19/12/2023 & 03/06/2024 എന്നീ തീയതിയിലെ തീരുമാനങ്ങൾ
4. കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറിയുടെ 28.12.2024 ലെ എ1-7966/23 നമ്പർ കത്ത്
5. കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് Ltd F1261 നിന്നും 01.06.2024 ൽ ലഭിച്ച സമ്മതപത്രം
6. കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറിയുടെ 13/06/2024 ലെ സി-7377/16 നമ്പർ സാക്ഷ്യപത്രം
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 18/07/2024 ലെ LSGD/PD/6569/2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൂത്തുപറമ്പ് നഗരസഭയിൽ കൂത്തുപറമ്പ് നഗരസഭ ബസ്സ്റ്റാന്റ് കം ഷോപ്പിങ് കോംപ്ലക്സ് നിർ മ്മാണത്തിനായി 2006 ൽ ലാന്റ് അക്വിസിഷൻ മുഖേന 10.76 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നതായും നഷ്ടപരിഹാര തുക കുറവായതിനാൽ ഭൂവുടമകൾ ബഹു ഹൈക്കോടതിയെ കോടതിയെ സമീപിക്കുകയും പരാമർശം (1) പ്രകാരമുള്ള അനുകൂല വിധിയെ തുടർന്ന് ഭൂവുടമകൾക്ക് നൽകുന്നതിനായി 8 കോടി രൂപ വായ്പ കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡിൽ നിന്നും എടുക്കുന്നതിന് പരാമർശം (3) പ്രകാരം

തീരുമാനിക്കുകയുണ്ടായതായി പരാമർശം (4) കത്ത് മുഖേന നഗരസഭാ സെക്രട്ടറി അറിയിച്ചിരുന്നു. വായ്പ തിരിച്ചടവിൽ നഗരസഭ വീഴ്ച വരുത്തുകയാണെങ്കിൽ നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡിന് അനുവദിക്കുന്നതിന് സമ്മതമാണെന്നുള്ള പരാമർശം (6) പ്രകാരം കൂത്തുപറമ്പ് നഗരസഭാ സെക്രട്ടറി അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും നഗരസഭയ്ക്ക് പ്രസ്തുത ലോൺ 10% വാർഷിക നിരക്കിൽ 10 വർഷകാലയളവിൽ അനുവദിക്കാവുന്നതാണെന്നുള്ള പരാമർശം (5) പ്രകാരമുള്ള കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡിന്റ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലും പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും പരാമർശം (7) പ്രകാരം കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡിൽ നിന്നും **8 കോടി രൂപ** വായ്പ എടുക്കുന്നതിന് കൂത്തുപറമ്പ് നഗരസഭയ്ക്ക് അനുമതി നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ എല്ലാ നിബന്ധകൾക്കും വിധേയമായും, വായ്പ തിരിച്ചടവിന് തനതുഫണ്ട് വിനിയോഗിക്കണം എന്ന വ്യവസ്ഥയിലും, പ്രസ്തുത വായ്പ തിരിച്ചടവിൽ നഗരസഭ വീഴ്ച വരുത്തുകയാണെങ്കിൽ നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡിന് അനുവദിക്കുന്നതാണെന്ന് വ്യവസ്ഥയിലും കൂത്തുപറമ്പ് കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡിൽ നിന്നും **8 കോടി രൂപ** വായ്പ എടുക്കുന്നതിന് കൂത്തുപറമ്പ് നഗരസഭയ്ക്ക് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൂത്തുപറമ്പ് നഗരസഭ
ജോയിന്റ് ഡയക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ് കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ). തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ &പി.ആർ.ഡി
കരുതൽ ഫയൽ (ഡി.ബി1/345/2024/എൽ.എസ്.ജി.ഡി )

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 10-10-2024 13:31:00
സെക്ഷൻ ഓഫീസർ